III. MOTION UNDER RULES 128 AND 252

DISCUSSION ON THE STATEMENT OF THE CHIEF MINISTER

ശ്രീ. ടി. എ. മജീദ് : ഞാൻ ഒരു മോഷൻ അവതരിപ്പിച്ചിരുന്നു. അതിന്റെ ഗതി എന്തായി ?

ഡെപ്യൂട്ടി സ്പീക്കർ : അജണ്ടയിൽ അടുത്ത ഐറ്റം റൂൾ 128 അനുസരിച്ചുള്ള ചർച്ചയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് അത് നാളെയാക്കാമെന്നാണ്. വളരെ വിശദമായി അതനുസരിച്ച് നാളെ ചർച്ച ചെയ്യാമെന്നു അദ്ദേഹം പറഞ്ഞു. ആ ചർച്ചയുടെ അവസാനത്തിൽ മൂവ് ചെയ്യേണ്ട പ്രമേയം ശ്രീ. മജീദ് തന്നിട്ടുണ്ട്. ചർച്ചയ്ക്കുശേഷം സാധാരണ നടന്നുവരാറുള്ള കീഴ്വഴക്കമനുസരിച്ച് പ്രമേയം മൂവ് ചെയ്യാം, വോട്ടിനിടാം. ഈ കാര്യങ്ങളെല്ലാം ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി ചർച്ച ചെയ്യാമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരി : വോട്ടിനിടുന്ന പ്രമേയം സബ് സ്റ്റാൻറീവ് പ്രമേയമായിരിക്കും. അത് അവസാനം കൊണ്ടുവന്നാൽ പോരാ. അത് നേരത്തേ അവതരിപ്പിക്കേണ്ടതാണ്.

ഡെപ്യൂട്ടി സ്പീക്കർ : ഈ സഭയിൽ ഇതനുസരിച്ചുള്ള ചർച്ചകൾ നടത്തുകയും ചർച്ചയുടെ അവസാനത്തിൽ പ്രമേയം അവതരിപ്പിക്കുകയും, പ്രമേയത്തിന് ഭേദഗതികൾ കൊണ്ടുവരികയും വോട്ട് ചെയ്യുകയും ചെയ്തിട്ടുള്ള കീഴ്വഴക്കമുണ്ട്. അതനുസരിച്ചാണ് ചെയ്തിട്ടുള്ളത്.

ശ്രീ. ടി. വി. തോമസ് : Having discussed such and such issue I move.....

ഇങ്ങനെയായിരിക്കും പ്രമേയത്തിന്റെ രൂപം. അത് ചർച്ച കഴിഞ്ഞതിനുശേഷം മൂവ് ചെയ്യാം.

ഡെപ്യൂട്ടി സ്പീക്കർ : അങ്ങനെ ഇവിടെ ചർച്ച നടത്തിയിട്ടുണ്ട്, അതാണ് കീഴ്വഴക്കം.

ശ്രീമതി കെ. ആർ. ഗൗരി : കീഴ്വഴക്കം എങ്ങനെയാണെങ്കിലും റൂളിൽ ഇങ്ങനെയാണു പറയുന്നത്.

"A motion that the policy or situation or statement or any other matter be taken into consideration shall not be put to the vote of the Assembly, but the Assembly shall proceed to discuss such matter immediately after the mover has concluded his speech and no further question shall be put at the conclusion of the debate at the appointed hour unless a member moves a substantive motion in appropriate terms to be approved by the Speaker and the vote of the Assembly shall be taken on such motion."

അതിന്റെ അവസാനം ആ പറയുന്നതേയുള്ളു. പാർലമെന്ററി പ്രൊസീഡിയറനുസരിച്ച് ഇങ്ങനെ വരുന്ന സ്റ്റേറ്റുമെന്റുകൾ സബ് സ്റ്റാൻറീവ് മോഷൻ ആകുന്നതുകൊണ്ട് പ്രമേയംകൂടി ആദ്യം കൊണ്ടുവരണം.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ : ഞാൻ ആ വാചകം വായിക്കാം.

" but the Assembly shall proceed to discuss such matter immediately after the mover has concluded his speech and no further question shall be put at the conclusion of the debate at the appointed hour unless a member moves a substantive motion in appropriate terms to be approved by the Speaker and the vote of the Assembly shall be taken on such motion."

അതാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതനുസരിച്ചാണ് റൂളിംഗ് തന്നിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി : മൂവർക്ക് റൂൾ 252 അനുസരിച്ച് ചർച്ചക്ക് മൂവ് ചെയ്യാം. പക്ഷേ അത് സബ്സ്റ്റാൻറീവ് മോഷൻ ആകുന്നതുകൊണ്ട് ആ പ്രമേയംകൂടി ആദ്യം കൊണ്ടുവരണം. അത് അവതരിപ്പിച്ചുകൊണ്ടുവേണം സംസാരിക്കേണ്ടത്.

ഡെപ്യൂട്ടി സ്പീക്കർ : എന്റെ അറിവു വച്ച് ഞാൻ റൂളിംഗ് നൽകിയിരിക്കുകയാണ്. ആ റൂളിംഗ് മാറ്റിയെടുക്കേണ്ട കാര്യമില്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടുമ്പോൾ ഇതിന്റെ കോപ്പി മുൻകൂർ കൊടുക്കാം. ചർച്ച എങ്ങനെ വേണമെന്നുള്ളത് ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി തീരുമാനിക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : മോഷൻ അവതരിപ്പിക്കാമല്ലോ.

ശ്രീ. ടി. എ. മജീദ് : ഞാൻ മോഷൻ അവതരിപ്പിക്കുകയാണ്.

" Under Rules 128 and 252 of the Rules of Procedure and as agreed to by the Chief Minister on the floor of the House on 17th October 1969, we wish to give notice of the following motion, namely :— 'that the statement of the Chief Minister on the 17th October 1969, made on the floor of the House regarding action to be taken against Ministers against whom allegations of corruptions were made' be discussed."

Shri P. M. Abubacker : Sir, I second it.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : എന്റെ സ്റ്റേറ്റുമെന്റ് കറപ്ഷനെ സംബന്ധിച്ചു മാത്രമല്ല. ഞാൻ അന്നു ഈ സഭയിൽ പറഞ്ഞത് എന്റെ സ്റ്റേറ്റുമെന്റിൽ പറഞ്ഞതായ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്യാമെന്നാണ്. ആ ചർച്ചയുടെ സ്കോപ്പ് കുറയ്ക്കുകയാണ് ഈ മോഷൻ ചെയ്യുന്നത്. എന്നാൽ അതിനു പുറമേ ഇന്നു രാജിവച്ച മന്ത്രിമാർ ചെയ്തിട്ടുള്ള പ്രസ്താവനയിൽനിന്ന്, അവർ നോകാൺഫിഡൻസ് മോഷൻ എന്നുള്ള പേരിൽ പറയുന്നില്ലെങ്കിലും, നോകാൺഫിഡൻസ് മോഷൻ എന്നുള്ള നിലയിലാണ് ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമായിട്ടുണ്ട്. ആ സ്ഥിതിക്ക് റൂളിന്റേയും വകുപ്പിന്റേയും തലനാരിഴ കീറിയിട്ടുള്ള ചർച്ചക്ക് നിൽക്കാതെ ഈ ചർച്ച യഥാർത്ഥത്തിൽ നോകാൺഫിഡൻസിന്റെ ചർച്ചയാണ്, ആ നിലയിലാണ് ഈ പ്രശ്നം കൈകാര്യം ചെയ്തിട്ടുള്ളതും. നോകാൺഫിഡൻസ് ചർച്ചയാണ് എന്നു പറയുന്നതിന് അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

മെമ്പറൻമാർക്ക് വിഷമമുണ്ടെങ്കിൽ ഞാൻ യാതൊരു പ്രസ്താവനയും ചെയ്യുന്നില്ല. എന്നാൽ ഈ പ്രസ്താവനയെല്ലാം ചെയ്ത സ്ഥിതിക്ക് അതിന്റെ ഗൗരവംകൂടി കണക്കിലെടുത്ത് ബിസിനസ് അഡ്വൈസറി കമ്മിറ്റി ഇത് ചർച്ച ചെയ്യുന്നതാണ്. ആ സ്ഥിതിക്ക് ഈ മോഷൻ മാത്രമല്ല, വേറെയും മോഷൻ വന്നേക്കാം. ആ കൂട്ടത്തിൽ ഒരു മോഷൻ വന്നിട്ടുണ്ടെന്നു മാത്രമേ ഇപ്പോഴം പറയാൻ കഴിയുകയുള്ളു. വേറെ മോഷൻ ഉണ്ടാകാൻ ഇടയുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : എനിക്ക് ഒന്നു പറയാനുള്ളത്, മോഷൻ അവതരിപ്പിച്ചാൽ അതിന് എന്തു പേർ വേണമെങ്കിലും കൊടുക്കാം, ഓരോരുത്തരുടെ കണ്ണിൽ ഓരോന്നു തോന്നും, ചിലരുടെ കണ്ണിൽ നോകാൺഫിഡൻസ് എന്നു പറഞ്ഞാൽ ഭയം തോന്നുമായിരിക്കാം, എന്നാൽ ഞങ്ങളുടെ അവകാശത്തെ പരിമിതപ്പെടുത്താൻ ആർക്കും അധികാരമില്ലെന്നാണ്. റൂം പ്രകാരമുള്ള ചർച്ചക്കാണ് ആവശ്യപ്പെടുന്നത്. ആ ചർച്ച വേറെ ചർച്ച വരുന്നതിന് തടസ്സമായിത്തീരുന്നില്ല. ആ ചർച്ച വന്നുകൊള്ളട്ടെ, ചർച്ച ചെയ്തുകൊള്ളട്ടെ. റൂം പ്രകാരം ഞങ്ങൾ കൊണ്ടുവന്ന ചർച്ച നിയമപ്രകാരം അനുവദിക്കുന്ന ചർച്ചയാണ്.

ഡെപ്യൂട്ടി സ്പീക്കർ : കാൺഫിഡൻസ് മോഷൻ അല്ലെന്നു പറഞ്ഞുകൂടേ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ചീഫ് മിനിസ്റ്റർ സ്വപ്നം കാണുന്നത് നോകാൺഫിഡൻസ് മോഷനാണ്. അതിന് ഞങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഒരു സംഗതി വ്യക്തമാക്കിക്കൊള്ളട്ടെ. ഈ മോഷൻ ചർച്ച ചെയ്യുന്നതിനെ ഞാൻ എതിർത്തിട്ടില്ല. ചർച്ച പരിമിതപ്പെടുത്തണമെന്നും പറഞ്ഞിട്ടില്ല. ഈ ചർച്ചയുടെ കൂട്ടത്തിൽ പുതിയൊരു മോഷൻ ചർച്ചക്ക് സഭയുടെ മുൻപിൽ വന്നാൽ സഭയിലെ ചർച്ച ഈ മോഷനു മാത്രമായി നിറുത്തരുതെന്നു മാത്രമേ പറഞ്ഞിട്ടുള്ളു. ഞാൻ നേരത്തേ പറഞ്ഞതുപോലെ, നോകാൺഫിഡൻസാണെന്നുള്ളത് ശ്രീ. മുഹമ്മദ്കോയ എന്റെ സ്വപ്നമാണെന്നു പറയുകയുണ്ടായി. സ്വപ്നത്തിന്റെ കാര്യം അങ്ങനെ നോക്കേണ്ട. ഏതായിരുന്നാലും ഇന്നത്തെ നിങ്ങളുടെ എല്ലാ പ്രസംഗങ്ങളും കേട്ടാൽ, എനിക്ക് നിങ്ങളെപ്പോലെ വളരെ സരസമായി പ്രസംഗിക്കാൻ കഴിയുകയില്ലെങ്കിലും കേൾക്കുമ്പോൾ മനസ്സിലാകുന്നത് ഈ മോഷൻ അവിശ്വാസമാണെന്നാണ്. അത് പുറത്തു പറയാൻ എന്തോ പ്രയാസമുണ്ട്. ആ ഭയമുള്ളവരോട് ഇന്ന വിധത്തിൽ ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നില്ല, ഏതായിരുന്നാലും ഇത്രയും കഴിഞ്ഞ സ്ഥിതിക്ക് ചർച്ച വേണമെന്നു ആവശ്യപ്പെടാം. ആ ചർച്ചയുടെ സ്കോപ്പ് ഈ മോഷനു മാത്രമായി നിറുത്തരുത്. അതു മാത്രമല്ല വളരെയേറെ മറ്റു കാര്യങ്ങളും പ്രസംഗിക്കാനുണ്ട്. ഞങ്ങളുടെ പ്രസംഗം കേൾക്കുമ്പോൾ നിങ്ങൾക്കു കൂടെ പറയാൻ കാണും, അതു കഴിയുമ്പോൾ ഞങ്ങൾക്ക് വീണ്ടും കൂടെ പ്രസംഗിക്കാൻ കാണും, മുഹമ്മദ്കോയയും, ടി. വി. തോമസും പ്രസംഗിക്കുംപോലെ ഫലിതപരമായി പ്രസംഗിക്കാൻ കഴിയുകയില്ലെങ്കിലും കുറെയൊക്കെ പ്രസംഗിക്കാൻ കഴിവുള്ളവർ ഞങ്ങളുടെയിടയിലും ഉണ്ട്. ഇന്നു നിങ്ങളുടെ പ്രസംഗങ്ങൾ ഞങ്ങൾ ക്ഷമാപൂർവ്വം കേട്ടപോലെ നാളെ ഞങ്ങൾ പ്രസംഗിക്കുമ്പോൾ നിങ്ങളും ക്ഷമാപൂർവ്വം കേട്ടിരിക്കണം. ആ കാര്യങ്ങളെല്ലാം ചർച്ച ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനാണ് ബിസിനസ് അഡ്വൈസറി കമ്മിറ്റിയോഗം കൂടണമെന്നു ഞാൻ സജസ്റ്റ് ചെയ്തത്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ മോഷൻ 252-ാം വകുപ്പുപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നത്. അതിന് താഴോട്ട് ചില വകുപ്പുകൾ ഉണ്ട്. അതിൽ 252 പ്രകാരം നടക്കാൻ പോകുന്ന ചർച്ച എന്താണെന്നു ആൻസിപ്പേറ്റ് ചെയ്യാൻ പാടില്ലെന്നും പറയുന്നുണ്ട്.

"No member shall anticipate the discussion of any subject of which notice has been given provided that in determining whether a discussion is out of order on the ground of anticipation, regard shall be had by the Speaker to the probability of the matter anticipated being brought before the Assembly within a reasonable time."

അതുകൊണ്ട് ഈ മോഷൻ അവിശ്വാസമാണോ അല്ലയോ എന്നുള്ളതും മറ്റു കാര്യങ്ങളുമെല്ലാം 252 നെ മാത്രം ആശ്രയിക്കരുതെന്നും, 254-ാം എല്ലാം കൂടി വച്ചുകൊണ്ടുവേണം അതിനെ കാണാൻ എന്നാണ് എനിക്കു പറയാനുള്ളത്. മറ്റൊരു നിർദ്ദേശം കൂടി വയ്ക്കാനുണ്ട്. ഇവിടെ ചർച്ചക്ക് വന്നിരിക്കുന്ന മോഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 17-ാം തീയതി നടത്തിയ ഒരു പ്രസ്താവനയെപ്പറ്റിയുള്ളതാണ്. 17-ാം തീയതി നടത്തിയ പ്രസ്താവന കോഴിക്കോട്ടുവച്ചു കൂടിയ നാലു കക്ഷികളുടെ സമ്മേളനം അംഗീകരിച്ച ഒരു പ്രമേയത്തെ ആസ്പദമാക്കിയുള്ളതാണ്. ആ പ്രമേയത്തിന്റെ ചില ഭാഗങ്ങൾ മാത്രമേ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളൂ. അതുകൊണ്ട് ഈ ചർച്ച പൂർത്തിയാകണമെങ്കിൽ കോഴിക്കോട് പ്രമേയത്തിന്റെ പൂർണ്ണമായ പ്രതി നിയമസഭാ റിക്കാർഡുകളിൽ സ്ഥാനം പിടിക്കേണ്ടതു ഏറ്റവും ആവശ്യമാണ്. അതുകൊണ്ട് അങ്ങ് ആ പ്രമേയത്തിന്റെ മുഴുവനായ കോപ്പി ഒന്നു വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൂടി ചെയ്യണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇവിടെ എട്ടു മന്ത്രിമാരായിരുന്നവർ പ്രസംഗിച്ചു. അതിന്റെ നോട്ട് കുറിക്കാൻ തന്നെയും ചീഫ് മിനിസ്റ്റർക്ക് വളരെ സമയം വേണം. ഇവിടെ ഒരു പ്രമേയം വന്നിട്ടുണ്ട്. ആ പ്രമേയത്തിന്റെ ചർച്ചക്ക് വേണ്ട സമയം എടുക്കണമെന്നു മുഖ്യമന്ത്രി പറഞ്ഞതു ശരിയാണ്. അതിന് എത്ര സമയം വേണമെങ്കിലും എടുക്കണം എന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. കെ. കെ. അബു : ഈ സഭ നിറുത്തിവയ്ക്കുന്നതിനു മുൻപായി ശ്രീ. പി. ആർ. കുറുപ്പ് ഞങ്ങളുടെ പാർട്ടിക്ക് എതിരായി ഉന്നയിച്ച ചില ആരോപണങ്ങൾക്ക് മറുപടി പറയുന്നതിന് ഞങ്ങൾക്ക് സമയം അനുവദിക്കുമോ ഇല്ലയോ എന്നു അറിയണം.

ഡെപ്യൂട്ടി സ്പീക്കർ : അതിന് നാളെ മറുപടി പറയാം.

ഞാൻ ഇതിന്റെ ചർച്ച അവസാനിപ്പിക്കുവാൻ പോകുകയാണ്. ഞാൻ ഇതേ സംബന്ധിച്ച് ക്ലീയർ റൂളിംഗ് നൽകിക്കഴിഞ്ഞു. ബിസിനസ് അഡ്വൈസറി കമ്മിറ്റികൂടി ചർച്ചക്ക് എത്ര സമയം വേണമെന്ന് തീരുമാനിക്കാവുന്നതാണ്.

Deputy Speaker : Order, order. The House will now adjourn and meet again at 8 a.m. on Wednesday the 22nd October, 1969.

The Assembly adjourned at 12-16 p.m. to meet again at 8 a.m. on Wednesday the 22nd October, 1969.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly